**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വേങ്ങര ഗ്രാമപഞ്ചായത്ത് - സർവ്വീസ് ടാക്സ് ഒഴിവാക്കുന്നതിനുള്ള അപ്പീൽ പരിഗണിക്കുന്നതിന് പ്രീ ഡെപ്പോസിറ്റ് തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അടയ്ക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 510/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 05/03/2019

പരാമർശം:- 1. വേങ്ങര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20/01/2017 ലെ 2(8) നമ്പർ തീരുമാനം.
2. വേങ്ങര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04/04/2017 ലെ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 15/02/2018 ലെ ജി1-21391/2017 നമ്പർ കത്ത്.
4. വേങ്ങര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18/09/2018 ലെ അടിയന്തര യോഗത്തിലെ 8(1) നമ്പർ തീരുമാനം.
5. വേങ്ങര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27/09/2018 ലെ A4/4321/2017 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും 2007-2008 മുതൽ 2011-2012 വരെ വാടക ഈടാക്കിയതിൽ സർവീസ് ടാക്സ് ഇനത്തിൽ സെൻട്രൽ എക്സൈസിലേക്ക് 10,31,671/-രൂപ അടയ്ക്കാൻ അറിയിച്ചിരുന്നുവെന്നും, എന്നാൽ ടി തുക വാടകക്കാരിൽ നിന്നും ഈടാക്കിയിട്ടില്ലാത്തിനാൽ പിരിച്ചെടുക്കാത്ത ടാക്സ് ഒഴിവാക്കി കിട്ടുന്നതിന് സെൻട്രൽ എക്സൈസ് കമ്മീഷണർ മുമ്പാകെ സമർപ്പിച്ച അപ്പീൽ പരിഗണിക്കുന്നതിന് സെൻട്രൽ എക്സൈസിലേക്ക് ആകെ അടക്കാനുള്ള തുകയുടെ 7.5 ശതമാനം പ്രീ ഡെപ്പോസിറ്റ് അടയ് ക്കേണ്ടതുണ്ടെന്നും, 10,31,671/- രൂപയുടെ 7.5 ശതമാനമായ 77,375/- രൂപ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അടയ്ക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം 2 പ്രകാരം വേങ്ങര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിട്ടുണ്ട്. പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യം ശുപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാടകക്കാരിൽ നിന്നും പിരിച്ചെടുക്കാത്ത സർവ്വീസ് ടാക്സ് ഒഴിവാക്കി കിട്ടുന്നതിന് സെൻട്രൽ എക്സൈസ് കമ്മീഷണർ മുമ്പാകെ സമർപ്പിച്ച അപ്പീൽ പരിഗണിക്കുന്നതിന് ആകെ അടക്കാനുള്ള 10,31,671/- രൂപയുടെ 7.5 ശതമാനമായ 77,375/- രൂപ (എഴുപത്തിയേഴായിരത്തി മുന്നൂറ്റി എഴുപത്തിയഞ്ച് രൂപ) വേങ്ങര പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും പ്രീ ഡെപ്പോസിറ്റ് ഇനത്തിൽ അടയ്ക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.)
ബീനമോൾ.കെ.ജെ.
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
പ്രസിഡന്റ്, വേങ്ങര ഗ്രാമപഞ്ചായത്ത്, വേങ്ങര പി.ഒ, മലപ്പുറം - 676304
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.